# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ
**ജില്ലാകമ്മറ്റി, മലപ്പുറം, രജിസ്റ്റർ നമ്പർ 263/88**

**<u>സർക്കുലർ നമ്പർ 4/2016-17</u>**

സുഹൃത്തെ,

അസോസിയേഷന്റെ ജില്ലാകമ്മറ്റി യോഗം 08.11.2016 ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് മലപ്പുറം എക്സൈസ് ഭവനിൽ വെച്ച് നടന്നു. ജില്ലാ പ്രസിഡന്റിന്റെ അഭാവത്തിൽ ജില്ലാകമ്മറ്റിയംഗം ശ്രീ. വി. മായിൻകുട്ടി അധ്യക്ഷം വഹിച്ചു. തുടർന്ന് ജില്ലാ സെക്രട്ടറി ശ്രീ. വി.കെ. സുരജ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാതല കലാകായികമേളകളിൽ സജീവമായി പങ്കെടുത്ത മുഴുവൻ ജീവനക്കാരെയും റിപ്പോർട്ടിൽ അഭിവാദ്യം ചെയ്തു. സോണൽതല മേളയിൽ ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാനായെങ്കിലും സ്റ്റേറ്റ് മീറ്റിലേക്ക് ക്വാളിഫൈ ചെയ്യാൻ സാധിച്ചില്ലെന്നും, ചെസ്സിൽ വിജയിച്ച ഡിവിഷൻ ഓഫീസിലെ സി.ഇ.ഒ. ശ്രീ. പി.എസ്. ദിനേഷിന് പ്രത്യേകം അഭിനന്ദിക്കുന്നതായും റിപ്പോർട്ടിൽ പറഞ്ഞു. സംഘടനയുടെ സംസ്ഥാന കമ്മിറ്റി അംഗം ശ്രീ.എൻ.പി. ജയപ്രകാശിന്റെ രോഗാവസ്ഥയെ കുറിച്ചും സെക്രട്ടറി വിശദീകരിച്ചു. സംസ്ഥാന തലത്തിൽ വകുപ്പിന്റെ നവീകരണത്തെകുറിച്ചും, ജീവനക്കാരുടെ അടിയന്തിര ആവശ്യങ്ങളെ കുറിച്ചും, സമഗ്രമായ രേഖ തയ്യാറാക്കുന്നതിനും, വെബ്സൈറ്റ് തയ്യാറാക്കുന്നതിനും സബ് കമ്മിറ്റികൾ രൂപീകരിച്ച വിവരം സംസ്ഥാന കമ്മിറ്റി അംഗം ശ്രീ. പ്രജോഷ്കുമാർ യോഗത്തിൽ വിശദീകരിച്ചു. ജയപ്രകാശിന്റെ ചികിത്സാ സഹായത്തിനായി സംസ്ഥാന വെൽഫയർ ഫണ്ടിൽ നിന്നും 30,000/-രൂപ അനുവദിച്ചതായും കൂടാതെ എല്ലാ ജില്ലാ കമ്മിറ്റികളും ഫണ്ടിലേക്ക് സഹായം നൽക്കാൻ തീരുമാനിച്ച വിവരവും യോഗത്തെ അറിയിച്ചു.

തുടർന്ന് കണ്ണൂരിൽ നടക്കുന്ന സംസ്ഥാന കലാകായികമേളിൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനെ കുറിച്ചും, മത്സരാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനെ കുറിച്ചും ജീവനക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഒരു ഫണ്ട് സ്വരൂപിക്കുന്നതിനെ കുറിച്ചും വിശദമായ ചർച്ച നടന്നു. ചർച്ചക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**<u>തീരുമാനങ്ങൾ</u>**

1) സംസ്ഥാന കലാകായികമേളയിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് വേണ്ട സഹായങ്ങൾ ഒരുക്കാനും മേള വിജയിപ്പിക്കാനും തീരുമാനിച്ചു.

2) സംഘടനയുടെ സംസ്ഥാന കമ്മിറ്റി അംഗം ശ്രീ.എൻ.പി. ജയപ്രകാശിന് ജീവനക്കാരിൽ നിന്ന് ചികിത്സാ സഹായ ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചു.

3) സംഘടന അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനെകുറിച്ചും വെൽഫയർ നിധി രൂപീകരിക്കുന്നതിനെ കുറിച്ചും പഠിക്കുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. സബ് കമ്മിറ്റിയിൽ സർവ്വശ്രീ. എ.പി. ദിപേഷ്, പി. പ്രയേഷ്, പ്രജോഷ്കുമാർ എന്നിവർ അംഗങ്ങളായിരിക്കും.

4) തവനൂരിൽ നടന്ന സന്നദ്ധ പ്രവർത്തനത്തിന്റെ മാതൃകയിൽ ജില്ലയുടെ കിഴക്കൻ മേഖലയിൽ ജനുവരി മാസത്തിൽ ഒരു പരിപാടി നടത്താൻ തീരുമാനിച്ചു.

യോഗത്തിൽ ജില്ലാ എക്സിക്യുട്ടീവ് അംഗം ശ്രീ. മനോജ്കുമാർ കെ. നന്ദി രേഖപ്പെടുത്തി. യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.

മലപ്പുറം

08.11.2016

അഭിവാദനത്തോടെ,

വി.കെ. സുരജ്

ജില്ലാക സെക്രട്ടറി